തിരുവനന്തപുരം നഗരത്തിലെ ഒഴിപ്പിക്കപ്പെട്ട ബങ്ക് കച്ചവടക്കാർ

5. [1381] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ ലൈസൻസ് പ്രകാരം പ്രവർത്തിച്ചിരുന്നതിൽ എത്ര ബങ്കുകളാണ് ഇതേവരെ ഒഴിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) തമ്പാനൂരിലും കിഴക്കേകോട്ടയിലും പുനരധിവാസ പദ്ധതി പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഏതെങ്കിലും പുനരധിവാസ പദ്ധതി കെ. എസ്. ആർ. ടി. സി. ഏറ്റെടുത്തിട്ടുണ്ടോ ;

(ഇ) പുനരധിവാസ പദ്ധതിക്ക് തടസ്സം എന്തെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 204.

(ബി) പുനരധിവസിപ്പിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കിഴക്കേകോട്ടയിൽ സബ്ജയിലിനു സമീപം 45 കടമുറികളുടെ പണി പൂർത്തിയായി. തമ്പാനൂരിൽ പണി ആരംഭിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഉണ്ട്. തമ്പാനൂരും കിഴക്കേകോട്ടയിലും കെ. എസ്. ആർ. ടി. സി. നഗരസഭയെ എൽപ്പിക്കാമെന്ന് ഏറ്റിരുന്ന ഭൂമി നാളിതുവരെ കൈമാറിയിട്ടില്ല.

ചാലക്കുടി റിഫ്രാക്ടറീസ്

6. [1387] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി റിഫ്രാക്ടറീസ് എന്നാണ് അടച്ചുപൂട്ടിയത് ;

(ബി) ഇവിടെ എത്ര ജീവനക്കാരുണ്ട് ;

(സി) ഈ ഫാക്ടറിതുറന്നു പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഫാക്ടറിയും സ്ഥലവും വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്ക് എന്തു വിലയ്ക്കാണ് വിൽക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ കമ്പനിയിലെ തൊഴിലാളികളെ 1994 നവംബർ മാസം മുതൽ ലേ-ഓഫ് ചെയ്തിരിക്കുകയാണ്.

(ബി) 120.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതകൊണ്ടും കമ്പനി ലാഭകരമായി നടത്തുവാൻ സാദ്ധ്യത തീർത്തും നഷ്ടപ്പെട്ടതായി പഠനത്തിലൂടെ തെളിഞ്ഞിരിക്കുന്നതുകൊണ്ടും ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) തീരുമാനിച്ചിട്ടില്ല.

വിമുക്തഭടൻമാർക്കായി ഖാദിബോർഡ് പ്രത്യേകം തൊഴിൽ പദ്ധതി ആവിഷ്കരിക്കാൻ നടപടി

7. [1389] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിമുക്തഭടൻമാർക്കായി ഖാദിബോർഡ് പ്രത്യേക തൊഴിൽ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആൻ" (ബി) വിമുക്തഭടൻമാർക്കായി പ്രത്യേക തൊഴിൻ പദ്ധതി ആവിഷ്ക്കരിക്കാൻ ഖാദിബോർഡ് ഇപ്പോഴം ഉദ്ദേശിക്കുന്നില്ല.

ഖാദി വ്യവസായ മേഖലയിൽ മിനിമം കൂലി

8.[1391] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഖാദി വ്യവസായ മേഖലയിൽ മിനിമം കൂലി നടപ്പാക്കാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങളോ പരിപാടികളോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഖാദിമേഖലയിൽ മിനിമം കൂലി ഏർപ്പെടുത്താനെന്ന് ഖാദി തൊഴിലാളി യൂണിയനുകളിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) ഖാദി തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നത് അഖിലേന്ത്യാടിസ്ഥാനത്തിൽ ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ കോസ്റ്റ്റ്റുചാർജ് പ്രകാരമാണ്. ആയതിനാൽ ഖാദിബോർഡിനോ ഖാദി യൂണിറ്റുകൾക്കോ ഈ മേഖലയിലെ തൊഴിലാളികളുടെ കൂലി പരിഷ്കരിക്കാൻ നിലവിലുള്ള സംവിധാനം അനുവദിക്കുന്നില്ല.

ഖാദിഗ്രാമ വ്യവസായോൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് നടപടി

9. [1392] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിൽ വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly